**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4445** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷികാനുബന്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ, ബയോഫാർമസികൾ എന്നിവ കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (എ) | കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗ ബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയാണ്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൌട്ടുകൾ കീടരോഗബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് സാങ്കേതിക ഉദ്യോഗസ്ഥർക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും, കർഷകർക്ക് നൽകുന്നു. ടി വിവരങ്ങൾ ക്രോപ്പ് പെസ്റ്റ് സർവ്വയലൻസ് സിസ്റ്റം (CPSS) എന്ന വെബ്സൈറ്റിൽ upload ചെയ്യുകയും ചെയ്യുന്നു. കൂടാതെ കീടരോഗ നിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും, കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറികളും, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും, സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗനിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ്ബുള്ളറ്റിനും നൽകുന്നുണ്ട്. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും, കീടബാധ അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. ചില അഗ്രോസർവ്വീസ് സെന്ററുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബയോഫാർമസികൾ മുഖേന ജൈവ |

| | | | |
|---|---|---|---|
| | | | കീടരോഗ നിയന്ത്രണോപാധികളായ ജൈവ കീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ